"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - കുടുംബശ്രീ - ജീവനക്കാര്യം - ഇടുക്കി സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടറേറ്റിലെ സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ്-II, ശ്രീമതി. അനുമോൾ കെ.സി.-യുടെ കുടുംബശ്രീ എറണാകുളം ജില്ലാ മിഷനിൽ അസിസ്റ്റന്റ് ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ തസ്തികയിലെ അന്യത്രസേവന കാലാവധി ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ(ഐ.എ)വകുപ്പ്

സ.ഉ.(സാധാ) നം.**1221/2026/LSGD** തീയതി,തിരുവനന്തപുരം, **02-07-2026**

പരാമർശം:- **1.** **10/05/2013** -ലെ **42/2013**/ധന നമ്പർ സർക്കുലർ.

2. **28/11/2013**-ലെ സ.ഉ.(പി)നം.**580/2013**/ധന. നമ്പർ ഉത്തരവ്.

3. **17/06/2023**-ലെ സ.ഉ.(സാധാ)നം.**1261/2023/LSGD** നമ്പർ ഉത്തരവ്.

4. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ **19/05/2026**-ലെ **1192/E1/2024/KSHO** നമ്പർ കത്ത്.

ഉത്തരവ്

സാമ്പത്തിക സ്ഥിതി വിവരക്കണക്ക് വകുപ്പിലെ സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ്-II ആയ ശ്രീമതി.അനുമോൾ.കെ.സി.-യെ പരാമർശം **(3)** പ്രകാരം കുടുംബശ്രീ എറണാകുളം ജില്ലാ മിഷനിലെ അസിസ്റ്റന്റ് ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ തസ്തികയിൽ നിയമിച്ചിരുന്നു. **23.06.2023** മുതൽ ടി തസ്തികയിൽ സേവനം അനുഷ്ഠിച്ചുവരുന്ന ശ്രീമതി അനുമോൾ കെ.സി.യുടെ കുടുംബശ്രീ എറണാകുളം ജില്ലാ മിഷനിലെ അസിസ്റ്റന്റ് ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ തസ്തികയിലെ അന്യത്രസേവന കാലാവധി **22.06.2026**-ന് അവസാനിക്കുന്നതിനാൽ ടിയാളുടെ അന്യത്രസേവന കാലാവധി **23.06.2026** മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ചു നൽകണമെന്ന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം **(4)** പ്രകാരം സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

3) സർക്കാർ ഇക്കാര്യം പരിശോധിച്ചു. ഇടുക്കി സാമ്പത്തിക സ്ഥിതി വിവരക്കണക്ക് വകുപ്പ് ഡയറക്ടറേറ്റിലെ സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ്-II, ശ്രീമതി. അനുമോൾ കെ.സി.-യുടെ കുടുംബശ്രീ എറണാകുളം ജില്ലാ മിഷനിൽ അസിസ്റ്റന്റ് ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ തസ്തികയിലെ അന്യത്രസേവന കാലാവധി കേരള സർവീസ് റൂൾസ് ഭാഗം-1, ചട്ടം **140** (സി) പ്രകാരമുള്ള

വ്യവസ്ഥകൾക്കും പരാമർശം (1) സർക്കുലറിലെയും പരാമർശം (2) ഉത്തരവിലെയും മാനദണ്ഡങ്ങൾക്കും വിധേയമായി **23.06.2026** മുതൽ ഒരു വർഷത്തേക്കു കൂടി ദീർഘിപ്പിച്ചു നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രാമനാഥ് ജി
ഡെപ്യൂട്ടി സെക്രട്ടറി

എക് സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
ഡയറക്ടർ, സാമ്പത്തികസ്ഥിതി വിവരക്കണക്ക് വകുപ്പ്
ശ്രീമതി.അനുമോൾ കെ.സി, സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ്-II,
ഇടുക്കി സാമ്പത്തിക സ്ഥിതി വിവരക്കണക്ക് വകുപ്പ് ഡയറക്ടറേറ്റ് (ഡയറക്ടർ, സാമ്പത്തികസ്ഥിതി വിവരക്കണക്ക് വകുപ്പ് മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ)കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ/ജി&എസ്.എസ്.എ)കേരള, തിരുവനന്തപുരം
എക് സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
വിവര-പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി **(IA1/254/2026-LSGD)**

ഉത്തരവിൻ പ്രകാരം

Signed by Pradeep Kumar. C.O.
Date: 02-07-2026 16:34:58

സെക്ഷൻ ഓഫീസർ